Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

02/04/2020

**മിശിഹായിൽ പ്രിയ വൈദികരേ,**

ഈ വർഷത്തെ വിശുദ്ധവാരത്തിൽ നമ്മുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കേണ്ടത് എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കൂടെ നടന്ന് ധൈര്യം പകർന്ന ഉത്ഥിതനായ ക്രിസ്തുവാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലോകം മുഴുവൻ നിശ്ചലമായിരിക്കുമ്പോൾ ഇടവകജനത്തിന് ക്രിസ്തുവിന്റെ സമാധാനം കൈമാറേണ്ടത് അജപാലകരായ നമ്മളാണ്. പ്രാർത്ഥനയിലൂടെയും സേവനത്തിലൂടെയും ഓരോ ഇടവകയിലും ആശ്വാസത്തിന്റെ സാന്നിധ്യമായി നിങ്ങൾ നിറയട്ടെയെന്ന് ആശംസിക്കുന്നു.

ദൈവജനമെല്ലാം ഒരുമിച്ചുകൂടി വിശ്വാസത്തിന്റെയും അനുതാപത്തിന്റെയും സ്നേഹത്തിന്റെയും ഏറ്റവും വലിയ ആഘോഷമായി മാറേണ്ട ഈ വലിയ ആഴ്ച, ഏകാന്തതയുടെയും ഉത്കണ്ഠയുടെയും നിമിഷങ്ങളാണ് നമുക്കു നല്കുന്നതെങ്കിലും ദുഃഖവെള്ളിയ്ക്കപ്പുറം ഈശോയുടെ ഉയിർപ്പ് പ്രതീക്ഷിച്ച് വിശുദ്ധവാര തിരുക്കർമ്മങ്ങൾ നമുക്ക് നടത്താം. തിരുക്കർമ്മങ്ങളിൽ നേരിട്ടുള്ള ജനപങ്കാളിത്തം ഇല്ലെങ്കിലും സമൂഹമാധ്യമങ്ങളിലൂടെ അനേകർ പങ്കെടുക്കുന്ന പശ്ചാത്തലത്തിൽ, ചില പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നു.

1. **ഓശാന ഞായർ:** വിശുദ്ധ കുർബാനയോടനുബന്ധിച്ച് കുരുത്തോല വെഞ്ചരിക്കാമെങ്കിലും വിതരണം ചെയ്യേണ്ടതില്ല. പ്രദക്ഷിണവും ഒഴിവാക്കണം.

2. **പെസഹാവ്യാഴം:** സുവിശേഷവായനയ്ക്ക് ശേഷം കാലുകഴുകൽ ശുശ്രൂഷ ഇല്ലെങ്കിലും 'താലത്തിൽ വെള്ളമെടുത്ത്' എന്ന ഗാനം ആലപിക്കുന്നത് ഉചിതമാണ്. ദുഃഖവെള്ളിയാഴ്ചക്കാവശ്യമായ തിരുശരീരവും തിരുരക്തവും നിലവിലുള്ള സക്രാരിയിൽ തന്നെ സൂക്ഷിച്ചാൽ മതി. വൈകിട്ട് ആരാധന ജനപങ്കാളിത്തമില്ലാതെ നടത്തുന്നത് നന്നായിരിക്കും.

3. **ദുഃഖവെള്ളി:** പരിഹാര പ്രദക്ഷിണവും തിരുസ്വരൂപ ചുംബനവും ഈ വർഷം നടത്തേണ്ടതില്ല. ഓൺലൈൻ സംപ്രേക്ഷണം സാധ്യതയുള്ള ഇടവകകളിൽ വൈകിട്ട് കുരിശിന്റെ വഴി നടത്തി പീഡാനുഭവസന്ദേശം നൽകാവുന്നതാണ്.

4. **വലിയ ശനി:** വെള്ളം വെഞ്ചരിപ്പ്, തിരി തെളിക്കൽ, ജ്ഞാനസ്നാന വ്രതനവീകരണം എന്നിവ നടത്തുന്നത് ഉചിതമാണ്. പിന്നീടൊരവസരത്തിൽ ജനങ്ങൾക്ക് വെള്ളം വെഞ്ചരിച്ച് നൽകാവുന്നതാണ്.

5. **ഈസ്റ്റർ:** തിരുക്കർമ്മങ്ങൾ ഞായറാഴ്ച രാവിലെ നടത്തിയാൽ മതി.

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

6. ഏറ്റവുമധികം കുമ്പസാരം നടക്കുന്ന നാളുകളാണ് പെസഹാക്കാലം. ഇന്നത്തെ സാഹചര്യത്തിൽ കുമ്പസാരം പ്രായോഗികമല്ലല്ലോ. മാർപാപ്പാ ഓർമ്മിപ്പിച്ചതുപോലെ ദൈവസന്നിധിയിൽ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് മനസ്സിൽ ദൈവത്തോട് അവ ഏറ്റുപറഞ്ഞ് ഏറ്റവും അടുത്ത സാധ്യമായ അവസരത്തിൽ കുമ്പസാരിച്ചു കൊള്ളാമെന്ന തീരുമാനത്തിൽ വിശ്വാസികൾക്ക് പാപമോചനം നേടാവുന്നതാണ്.

7. ഈ ദിവസങ്ങളിൽ അരൂപിയ്ക്കടുത്ത ദിവ്യകാരുണ്യം സ്വീകരിക്കുവാൻ വിശ്വാസികളെ ഒരുക്കേണ്ടതാണ്.

8. ദുഃഖവെള്ളിയാഴ്ച വീടുകളിൽ വിശുദ്ധ മത്തായിയുടെ സുവിശേഷം 26:36 മുതൽ 27:61 വരെ വായിക്കുന്നത് ഉചിതമാണ്. അന്നേ ദിവസം ഭവനങ്ങളിൽ കുരിശിന്റെ വഴി നടത്തുവാനും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

9. വിശുദ്ധവാര തിരുക്കർമ്മങ്ങളിലെ വചനവായനകളുടെ എണ്ണം പരിമിതപ്പെടുത്താവുന്നതാണ്.

10. നോമ്പുകാലത്ത് നാം ചെയ്തുവരാറുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ കരുതലോടെ ഇടവകതലത്തിൽത്തന്നെ ചെയ്യുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഉയിർപ്പുതിരുനാളിന്റെ ആശംസകളോടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

+ A. Kariyil

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •